(ഡി) മാറ്റി നിയമിക്കാവുന്ന ജോലിക്കാരെ ഇതിനകം തന്നെ മാറ്റി നിയമിച്ചു കഴിഞ്ഞിട്ടുണ്ട്.

(ഇ) അലിന്റിന്റെ പുനരുദ്ധാരണം ബി.ഐ.എഫ്.ആറിന്റെ പൊതുവായ പരിഗണനയ്ക്കുശേഷം മാത്രമേ ഇക്കാര്യം പരിഗണിക്കാൻ സാധിക്കൂ.

"പാംലഹരി" നെയും മറ്റ് ശീതള പാനീയങ്ങളുടെയും മാർക്കറ്റ് സംബന്ധിച്ച പഠനം

32 (2088)ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെൽപ്പാം ഉൽപ്പാദിപ്പിക്കുന്ന "പാംലഹർ" എന്ന ശീതള പാനീയത്തിന്റെ വിപണന സാദ്ധ്യതയെക്കുറിച്ച് മാർക്കറ്റ്സ്റ്റഡി നടത്തിയിട്ടുണ്ടോ, ഇല്ലെങ്കിൽ എന്തുകൊണ്ടാണ് അത്തരം പഠനം നടത്താതിരിക്കുന്നത് എന്ന് വിശദീകരിക്കുമോ;

(ബി) കേരളത്തിലെ ശീതളപാനീയ വിപണി ബഹുരാഷ്ട്രകുത്തകകളുടെ സിന്തറ്റിക് പാനീയങ്ങളായ കൊക്കകോളയും, പെപ്സിയും കയ്യടക്കിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ജനങ്ങളുടെ ആരോഗ്യത്തെ ഈ പാനീയങ്ങൾ എങ്ങനെ ബാധിക്കുമെന്ന് പഠനം നടത്തിയിട്ടുണ്ടോ? ഇല്ലെങ്കിൽ എന്തുകൊണ്ടാണ് അത്തരം പഠനം നടത്താത്തത് എന്ന് വ്യക്തമാക്കുമോ;

(ഡി) കൊക്കകോളയുടെ വിപണനം പല വിദേശരാജ്യങ്ങളും നിരോധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) "പാംലഹർ" ഒരു ഹെർബൽ സോഫ്റ്റ് ഡ്രിങ്ക്സ് ആണ് എന്ന അവകാശവാദം ശരിയാണെങ്കിൽ വ്യാപകമായ പരസ്യ പ്രചരണങ്ങളിലൂടെ ജനങ്ങളെ ബോധവൽക്കരിച്ച് ഇതിന്റെ വിപണനം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(എഫ്) "പാംലഹർ", "കൊക്കകോള", "പെപ്സി", എന്നീ പാനീയങ്ങളെക്കുറിച്ച് താരതമ്യപഠനം നടത്തി അവയുടെ ഗുണദോഷങ്ങൾ ജനങ്ങളെ ബോദ്ധ്യപ്പെടുത്താൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) സംസ്ഥാന സർക്കാർ പഠനം നടത്തിയിട്ടില്ല. ഇത്തരം പഠനം നടത്തണമെന്ന ആവശ്യം സർക്കാരിൽ ഉന്നയിക്കപ്പെട്ടിട്ടില്ല.

(ഡി) കൊക്കക്കോളയുടെ വിപണനം ചില വിദേശരാജ്യങ്ങൾ നിരോധിച്ചതായി പത്ര വാർത്ത വന്നിട്ടുണ്ട്.

(ഇ) "പാംലഹർ" ഒരു ഹെർബൽ സോഫ്റ്റ് ഡ്രിംങ്ക് ആണ്. "പാംലഹറി"ന്റെ വിപണനം വർദ്ധിപ്പിക്കുന്നതിനായി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ടി.വി., പത്രം തുടങ്ങിയ മാധ്യമങ്ങളിലൂടെ പരസ്യം നൽകി ജനങ്ങളെ ബോധവൽക്കരിക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

(എഫ്)ഇക്കാര്യം ആലോചിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly